MR. PANDAVATHU SANKARA PILLAI: ബോണസ് കൊടുക്കുന്നതു് പാട്ടക്കാരനാണോ നിലം ഉടമസ്ഥനാണോ?

HON'BLE MR. K. M. KORAH : ആരുടെ പേരിലാണോ നെല്ലു വിൽക്കുന്നതു് ആ ആൾക്കുതന്നെ.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : ബോണസ്സും വിലയുംകൂടി രണ്ടു രൂപയായി കൊടുക്കാതെ രണ്ടുരൂപാ വിലയായി ഒന്നിച്ചുകൊടുക്കുന്നതിൽ വിരോധമുണ്ടോ?

HON'BLE MR. K. M. KORAH : വിരോധമില്ല. പക്ഷേ പബ്ലിക്ക് ഇൻറാസ്റ്റിന് ബോണസ് നൽകേണ്ടതു് ആവശ്യമാണ്.

Purchase of paddy.

522. MR. P. M. VARGHESE (*Thodupuzha II—General*): Will the Hon'ble Minister for Food be pleased to state:

(*a*) whether Government intend abolishing control and rationing of food in the near future; and

(*b*) if the answer is in the negative whether they do not think it urgently needed to effect drastic changes in the system of paddy purchase based on settlement pattom?

HON'BLE MR. K. M. KORAH : (*a*) & (*b*) The question of introducing derationing of foodgrains in certain selected taluks in the State is under the consideration of Government. Along with it, the question whether any change in the existing system of procurement of paddy has to be effected will also be considered.

Extension of Railway.

523. MR. ELIAS (MARY ANTONY) (*Kalkulam I—Latin Catholic*): Will the Hon'ble Minister for Transport be pleased to state whether the India Dominion Government have a plan to extend the Railway from Tinnevelly to Cape Comorin?

HON'BLE MR. A. ATCHUTHAN: This Government have no information about any proposal.

MR. ELIAS: Has any communication been received on this matter?

HON'BLE MR. A. ATCHUTHAN: No.

ട്രാൻസ്പോർട്ട് സർവ്വീസ്.

524. MR. K. KUTTAPPAN (*Mavelikara III—Thandar*): താഴെപറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി സദയം മറുപടി നൽകുമോ?

കായംകുളം—പുനലൂർ ലൈനിൽ ട്രാൻസ്പോർട്ട് സർവീസ് തുടങ്ങുന്നതിന് ഗവണ്മെൻറു് ആലോചിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഒന്നോ രണ്ടോ എക്സ്പ്രസ്സു് ബസ്സു് സർവീസ് തുടങ്ങാതിരിക്കുന്നതു് എന്തുകൊണ്ടാണു്?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. ATCHUTHAN : ഡിപ്പാർട്ടുമെൻറ് കൂടുതൽ സർവീസ് എടുക്കുന്ന കാര്യത്തെക്കുറിച്ചു ആലോചിക്കുമ്പോൾ ഇതേ സംബന്ധിച്ചും ആലോചിക്കുന്നതാണ്.

MR. K. KUTTAPPAN : ഇതുവരെ അതേക്കുറിച്ചു ആലോചിക്കാൻ സമയമായില്ലേ?

HON'BLE MR. A. ATCHUTHAN: അതിപ്പോൾ പറയാൻ നിവൃത്തിയില്ല.

കൊച്ചിത്തുറമുഖത്തിറക്കുന്ന ഭക്ഷ്യധാന്യങ്ങൾ.

525. MR.K. KUTTAPPAN : താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തിരുവിതാംകൂറിലെ ആവശ്യത്തിനു കൊച്ചീത്തുറമുഖത്തു് ഇറക്കുമതി ചെയ്യുന്ന ഭക്ഷ്യധാന്യങ്ങൾ തിരുവിതാംകൂറിലേയ്ക്ക് ഏതുപ്രകാരമാണു കൊണ്ടുവരുന്നതെന്നു് പറയുവാൻ ദയവുണ്ടാകുമോ?

HON'BLE MR. K. M. KORAH : ഓൺസ് പോർട്ട് ജോലിക്ക് ഏർപ്പെടുത്തിയിട്ടുള്ള കൺട്രാക്ടറന്മാർ നൽകുന്ന വള്ളങ്ങളിലും കെട്ടുവള്ളങ്ങളിലുമാണ് സാധാരണയായി കൊണ്ടുവരുന്നതു്. ചിലപ്പോൾ പതേമാരികളിലും കൊണ്ടുവരാറുണ്ടു്.

MR. K. KUTTAPPAN : അങ്ങനെ കൊണ്ടുവരുന്നതുകൊണ്ട് തിരുവിതാംകൂറിലെ തൊഴിലാളിവിഭാഗമായ നാവികതൊഴിലാളികൾക്ക് വളരെ ദാരിദ്ര്യം അനുഭവിക്കേണ്ടിവരുന്നുവെന്ന് ഗവണ്മെൻറിനറിയാമോ?

HON'BLE MR. K. M. KORAH : ദാരിദ്ര്യം അതുമൂലം ഉണ്ടാകുന്നുവെന്നു് അറിഞ്ഞുകൂടാ. പക്ഷെ അവർക്കുകൂടി ജോലി നൽകുന്നതിന് വ്യവസ്ഥ ചെയ്താൽ അതു് ഉപകാരപ്രദമായിരിക്കുമെന്നു് അറിയാം.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : അതേ സംബന്ധിച്ചു ഗവണ്മെൻറ് വേണ്ട അന്വേഷണം നടത്തുമോ?

HON'BLE MR. K. M. KORAH : നടത്താം.

MRS. DEVAKI GOPIDAS (*Kottayam I—General*) : ഇങ്ങനെ കൊണ്ടുവരുന്ന ഭക്ഷ്യധാന്യങ്ങൾ ധാരാളം വഴിക്ക് ചോർന്നുപോകുന്നതായി അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly